**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3672** **15.05.2017- ൽ മറുപടിക്ക്**

## പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.വി.ടി.ബൽറാം**<br>**,, അനൂപ് ജേക്കബ്**<br>**,, തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**,, ഐ.സി.ബാലകൃഷ്ണൻ** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്ക്കരണത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:<br>**1) ഡിസൈൻ വിഭാഗത്തിന്റെ ആധുനികവൽക്കരണം**<br>ഡിസൈനുകൾ പുറംകരാർ നൽകി പൂർത്തീകരിക്കുന്നത് നിർത്തലാക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായി ഡിസൈൻ വിഭാഗം ആധുനികവൽക്കരിക്കുന്നതിനായി 23.02.2017-ലെ സ.ഉ (കൈ) നം.15/2017/ പൊ.മ.വ പ്രകാരം ഡിസൈൻ വിഭാഗത്തെ 7 യൂണിറ്റുകളായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഡിസൈനിന്റെ എറണാകുളത്തുള്ള രണ്ടും, കോഴിക്കോട്ടും തുടങ്ങുന്ന റീജിയണൽ ഓഫീസുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>**2) ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ യൂണിറ്റ്**<br>01.10.2013-ൽ ആരംഭിച്ച ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ കീഴിൽ 11 ജില്ലാ ലാബുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരികയാണ്. 23.02.2017-ലെ സ.ഉ (കൈ) നം.15/2017/പൊ.മ.വ പ്രകാരം പൊതു മരാമത്ത് വകുപ്പിലെ ഡിസൈൻ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ക്വാളിറ്റി കൺട്രോൾ വിഭാഗം ആധുനികവൽക്കരിക്കുന്ന തിനായി തിരുവനന്തപുരത്ത് റീജിയണൽ ക്വാളിറ്റി |

കൺട്രോൾ ലാബ്, കൂടാതെ സംസ്ഥാനത്തെ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളോടനുബന്ധിച്ച് ഓരോ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകളും തുടങ്ങുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

**3) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

ഡിസൈൻ ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന കെ.എച്ച്.ആർ.ഐ.-യെ എൻ.എ.ബി.എൽ അക്രഡിറ്റ് ലാബായി ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി താഴെപ്പറയുന്നവയും ചെയ്തിട്ടുണ്ട്.

- പൊതുമരാമത്ത് വകുപ്പിന്റെ മാന്വൽ പരിഷ്കരിച്ചു
- പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC (National Informatic Centre) യുമായി സഹകരിച്ച് PRICE (Project Information and Cost Estimation) സോഫ്റ്റ് വെയർ രൂപ കൽപ്പന ചെയ്ത് നടപ്പിലാക്കി.
- ഇ-ടെണ്ടറിംഗ് സിസ്റ്റം നിലവിൽ വരുത്തി
- ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ. കൈക്കൊണ്ടുവരുന്നു.
- പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി റോഡുകളും പാലങ്ങളും വിഭാഗത്തിൽ MORTH Specification അനുസരിച്ച് പ്രവൃത്തി നടപ്പിലാക്കി വരുന്നു.
- പൊതുമരാമത്ത് വകുപ്പ് പ്രവൃത്തി കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി റീജിയണൽ തലത്തിലും, ജില്ലാതലത്തിലും Quality Control ലാബുകൾ സ്ഥാപിച്ചു.
- ആധുനിക സാങ്കേതികവിദ്യ നടപ്പാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രീകൃത

പരിശീലനത്തിനുവേണ്ടി നേര്യമംഗലത്ത് ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനു വേണ്ടി കെട്ടിട നിർമ്മാണം നടന്നു വരുന്നു.

- റെസ്റ്റ്ഹൗസുകളിൽ ഇ-ബുക്കിംഗ് സംവിധാനം നടപ്പാക്കുന്നതിന് PRICE സോഫ്റ്റ് വെയർ വഴി നടപടി സ്വീകരിച്ചു വരുന്നു.

(ബി) മുൻസർക്കാർ നടപ്പാക്കിയ ഇ-ടെണ്ടറിംഗും, ഇ-പേയ്മെന്റും കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ബി) ഇ-ടെണ്ടർ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ 5 ലക്ഷം രൂപയിൽ കൂടുതൽ തുക വരുന്ന എല്ലാ പ്രവൃത്തികളുടെയും ദർഘാസുകൾ ഓൺലൈൻ മുഖേനയാണ് സ്വീകരിച്ചു വരുന്നത്. ഇതിന്റെ രണ്ടാം ഘട്ടമായി പ്രീക്വാളിഫിക്കേഷൻ ഇവാല്യുവേഷൻ നടപടികൾ ഓൺലൈൻ മുഖേന ചെയ്യുന്നത് പരിഗണനയിലാണ്. ഇ-പേയ്മെന്റ് നിലവിൽ വന്ന ശേഷം കരാറുകാരുടെ പേയ്മെന്റുകൾക്ക് പരമ്പരാഗത ചെക്ക് പേയ്മെന്റ് ഒഴിവാക്കി കരാറുകാരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

(സി) ആധുനികവത്ക്കരണം വഴി ഭരണതലത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വന്നതെന്ന് വ്യക്തമാക്കുമോ?

(സി) ആധുനികവൽക്കരണം വഴി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മാന്വൽ പരിഷ്കരണം മുഖേന ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനർക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനമായ PRICE (Project Information and Cost Estimation) നടപ്പിലാക്കിയതു വഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. MORTH Specification അനുസരിച്ച് നടപ്പിലാക്കിയതു വഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. ജില്ലാതലത്തിലുള്ള Quality Control ലാബുകൾ മുഖേന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ